pro@uoc ac in

/ universityofcalicutofficial

11
ബുധൻ
ഫെബ്രുവരി 2026
Volume: 04 Issue: 123

# സിയു വാർത്ത

Weekly E Paper of University of Calicut

കാലിക്കറ്റ് സർവകലാശാലാ പബ്ലിക് റിലേഷൻസ് വിഭാഗം പ്രസിദ്ധീകരണം

## ലൈബ്രറി ശില്പശാല

ആധുനിക ലൈബ്രറികളുടെ നടത്തിപ്പിനാവശ്യമായ സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ അടിസ്ഥാനമായി പ്രവർത്തിക്കുന്ന ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ കാലിക്കറ്റ് സർവകലാശാല ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് പഠനവകുപ്പ് പ്രായോഗിക പരിശീലന ശില്പശാല തുടങ്ങി. രജിസ്ട്രാർ ഡോ. ഡിനോജ് സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. പഠനവകുപ്പ് മേധാവിയും സിൻഡിക്കേറ്റംഗവുമായ ഡോ. കെ. മുഹമ്മദ് ഹനീഫ അധ്യക്ഷത വഹിച്ചു. ഡോ. ടി.എം. വാസുദേവൻ, ഡോ. സി. ശ്യാമിലി എന്നിവർ സംസാരിച്ചു. സി.എച്ച്.എം.കെ. ലൈബ്രറിയിലെ എൻ.പി. ജംഷീർ, സി. മനു, എ. മോഹൻ, കെ. ശ്രീലത എന്നിവരാണ് ക്ലാസുകൾ നയിച്ചത്.



**സ്വതന്ത്ര സോഫ്റ്റ് വെയർ പരിശീലന ശില്പശാല രജിസ്ട്രാർ ഡോ. ഡിനോജ് സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു**




**സമൂഹശാസ്ത്ര വിഷയങ്ങളിലെ സാങ്കേതിക പദാവലി മലയാളഭാഷയിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ദേശീയ സെമിനാർ വൈസ്ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.**

## ഐ. ഇ. ടി. രജതജൂബിലിക്ക് തുടക്കം



**ഐ.ഇ.ടി. രജത ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനച്ചടങ്ങിൽ മുൻ വൈസ് ചാൻസലർ ഡോ. കെ.കെ.എൻ. കുറുപ്പ് ദീപം തെളിയിക്കുന്നു**

കാലിക്കറ്റ് സർവകലാശാലയുടെ എൻജിനീയറിങ് കോളേജ് ആയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി (IET) യുടെ രജത ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം മന്ത്രി മുഹമ്മദ് റിയാസ് നിർവഹിച്ചു. വൈസ് ചാൻസിലർ ഡോ. പി. രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. പി. അബ്ദുൽഹമീദ് എം.എൽ.എ. മുഖ്യാതിഥിയായിരുന്നു. ടെക്നിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. സിസ തോമസ് മുഖ്യപ്രഭാഷണം നടത്തി. അലുമിനി ലോഗോ പ്രകാശനം സർവകലാശാല വൈസ് ചാൻസിലർ പ്രൊഫസർ ഡോ. പി. രവീന്ദ്രൻ നിർവഹിച്ചു. കോളേജിന്റെ 25 വർഷത്ത ചരിത്രം പറയുന്ന ഡോക്യുമെൻററിയുടെ ഉദ്ഘാടനം സർവകലാശാല മുൻ വൈസ് ചാൻസിലർ ഡോക്ടർ കെ.കെ. എൻ. കുറുപ്പ് നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. സി.കെ. ജയ സ്വാഗതം പറഞ്ഞു.

IET കോളേജ് പൂർവ വിദ്യാർഥിയും 2025 സംസ്ഥാന ഫിലിം അവാർഡ് ജേതാവ് ഷംല ഹംസയും പങ്കെടുത്തു. കലാസാംസ്കാരിക പരിപാടികളുടെ ഉദ്ഘാടനം ചലച്ചിത്ര താരങ്ങളായ മറീന മൈക്കിൾ, രാജ് കലേഷ് എന്നിവർ ചേർന്ന് നിർവഹിച്ചു. തുടർന്ന് കുട്ടികളുടെ കലാപരിപാടികളും സംഗീത നിശയും ഉണ്ടായിരിന്നു.

തേഞ്ഞിപ്പലം പഞ്ചായത്ത് പ്രസിഡൻറ് എം. ഷെരീഫ, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. എൽ.ജി. ലിജീഷ്, പ്രൊഫ. ഡോ. പി.സി. പ്രദ്യുമ്നൻ, ഡോ. എം.കെ. അനുരാജ്, എന്നിവരും ഡി. യു. എസ് .സി ഡയറക്ടർ ഡോ. എ. യൂസഫ്, അക്കാഡമിക് ഡയറക്ടർ പ്രൊഫ. ഡോ. ലിബു കെ. അലക്സാണ്ടർ, പി.ടി.എ. വൈസ് പ്രസിഡൻറ് യു തുളസിദാസ്, പൂർവ വിദ്യാർഥികളായ ജീജ, എ.കെ. മുഹമ്മദ് യാസിർ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. സിൽവർ ജൂബിലി കൺവീനർ പി. ജയ നന്ദി പ്രകാശനം നടത്തി.

## മലയാളികളെ പ്രിയപ്പെട്ടവരാക്കിയത് മതനിരപേക്ഷത– ഡോ. വി.കെ. രാമചന്ദ്രൻ




**മലയാളി പ്രവാസി സമൂഹത്തിൻ്റെ പരിണാമം എന്ന വിഷയത്തിൽ കാലിക്കറ്റ് സർവകലാശാലാ പൊളിറ്റക്കൽ സയൻസ് വകുപ്പ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സെമിനാറിൽ ഡോ. വി.കെ. രാമചന്ദ്രൻ മുഖ്യപ്രഭാഷണം നടത്തുന്നു**

ഉയർന്ന ജനാധിപത്യ ബോധവും മതനിരപേക്ഷ ജീവിതവുമാണ് കേരളീയരുടെ മികച്ച മൂല്യങ്ങളെന്നും മലയാളി സമൂഹത്തിന്റെ ലോകത്തിന്റെ ഇതരഭാഗങ്ങളിലേക്കുള്ള പലായനം കേരളത്തിന്റെ സമസ്ത മേഖലകളെയും സ്വാധീനിച്ചതായും കേരള സംസ്ഥാന ആസൂത്രണ കമ്മീഷൻ വൈസ് ചെയർപേഴ്സൺ ഡോ. വി.കെ രാമചന്ദ്രൻ പറഞ്ഞു. കാലിക്കറ്റ് സർവകലാശാലാ പൊളിറ്റിക്കൽ സയൻസ് പഠനവകുപ്പ് സംഘടിപ്പിച്ച മലയാളി പ്രവാസ ജീവിതം സംബന്ധിച്ച അന്താരാഷ്ട്ര സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കേരളീയരുടെ പ്രവാസ ജീവിതം കാലങ്ങളായി മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടെന്നും ഇത് സാമൂഹ്യശാസ്ത്രമേഖലയിൽ പഠനവിധേയമാക്കേണ്ടതുണ്ടെന്നും സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ പറഞ്ഞു. പഠനവകുപ്പ് മേധാവി ഡോ. പി. ശിവദാസൻ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ സി.കെ. മുഹമ്മദ് നൗഫൽ, സൗദ് ഇസ്മയിൽ, എസ്. ദിവ്യ, മരിയ ജോസഫ് തുടങ്ങിയവർ സംസാരിച്ചു. 11-ന് സെമിനാർ സമാപിക്കും.

## ഗവേഷണ പദ്ധതി തയ്യാറാക്കാൻ ശില്പശാല

കാലിക്കറ്റ് സർവകലാശാലയിൽ ശാസ്ത്ര - സാങ്കേതിക മേഖലയിൽ ഗവേഷണ പദ്ധതികൾ തയ്യാറാക്കുന്നതിന് ശില്പശാല സംഘടിപ്പിച്ചു. അനുസന്ധാൻ റിസർച്ച് ഫൗണ്ടേഷന്റെ (ANRF-PAIR) സഹകരണത്തോടെ നടന്ന പരിപാടി വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഗവേഷണ നിലവാരം ഉയർത്തുന്നതും ശാസ്ത്രീയ ഉത്തരവാദിത്വം ഉറപ്പിക്കുന്നതും ലക്ഷ്യമിട്ട് നടത്തിയ ശില്പശാലയിൽ പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. രാജീവ് എസ്. മേനോൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ബെംഗളുരുവിൽ നിന്നുള്ള ഡോ. പ്രവീൺ കുമാർ, ഡോ. അശോക് എം. റായ്ച്ചൂർ, ഡോ. വിക്രം ജയറാം, ഡോ. ടി.എ. അഭിനന്ദനൻ, ഡോ. അഭിക് എൻ. ചൗധരി, ഡോ. പി. രാജമല്ലി, ഡോ. എച്ച്. ജി. രോഹിത് കുമാർ തുടങ്ങിയവർ പങ്കെടുത്തു. ഗവേഷണ പദ്ധതി തയ്യാറാക്കുന്നതിലെ ശാസ്ത്രീയ രീതികൾ, ഫണ്ടിംഗ് അവസരങ്ങൾ, ഗവേഷണത്തിൽ നൈതിക മൂല്യങ്ങൾ എന്നിവയെ കുറിച്ച് വിദഗ്ധർ ക്ലാസുകൾ നയിച്ചു. അധ്യാപകരും ഗവേഷണ വിദ്യാർഥികളും പങ്കെടുത്തു.



**അഖിലേന്ത്യാ പുരുഷ സോഫ്റ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ വെങ്കലം നേടിയ കാലിക്കറ്റ് ടീം**



**അഖിലേന്ത്യാ ചാമ്പ്യൻഷിപ്പിൽ വെങ്കലം നേടിയ കാലിക്കറ്റ് സർവകലാശാലാ ഫുട്ബോൾ ടീം**

Published by the Public Relations Wing, University of Calicut, on behalf of Registrar University of Calicut | Content Editor: Shri. Shijith CK | DTP: Shri. Abay Dev | Design: Shri. Rizvan Ameer EK | Private Circulation Only